പി.ഡബ്ല്യു.ഡി. ജില്ലാതല ഉദ്യോഗസ്ഥർ വിശദമായ സ്റ്റാറ്റസ് റിപ്പോർട്ട് അവതരിപ്പിക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ജില്ലാ കളക്ടർ അദ്ധ്യക്ഷനും പി.ഡബ്ല്യു.ഡി. സൂപ്രണ്ടിംഗ് എഞ്ചിനീയർ കൺവീനറുമായി ജില്ലാതല കമ്മിറ്റി മാസംതോറും യോഗം ചേർന്ന് പ്രവൃത്തികൾ നിരീക്ഷിക്കുന്നതാണ്. മരാമത്ത് മന്ത്രിതലത്തിൽ മാസംതോറും അവലോകനവും നടത്തുന്നുണ്ട്. മഴക്കെടുതിമൂലം റോഡുകൾക്ക് വേണ്ടിവന്ന അടിയന്തര അറ്റകുറ്റപ്പണികൾ നിരീക്ഷിക്കാനായി മരാമത്ത് മന്ത്രി ചെയർമാനായി വിവിധ മന്ത്രിമാരും ഉദ്യോഗസ്ഥരും അടങ്ങിയ സംസ്ഥാനതല ക്രൈസിസ് മാനേജ്മെന്റ് സമിതിയും മന്ത്രിമാരുടെ അദ്ധ്യക്ഷതയിൽ ജില്ലാതല സമിതിയും ഉണ്ട്.

(സി) പൊതുമരാമത്ത് വകുപ്പിൽ ചില പ്രവൃത്തികൾ വിവിധ കാരണങ്ങളാൽ യഥാസമയം പൂർത്തീകരിക്കാൻ സാധിക്കാതെ വരുന്നുണ്ട്. സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാതെ വരുന്ന പ്രവൃത്തികളുടെ കാരണങ്ങൾ വിലയിരുത്താറുണ്ട്. അനുവദിക്കപ്പെട്ടിട്ടുള്ള കാലാവധിക്കകം പൂർത്തീകരിക്കാൻ കഴിയാതെ വരുന്ന പ്രവൃത്തികൾക്ക് ഒരു പ്രാവശ്യം മാത്രമേ സമയപരിധി ദീർഘിപ്പിച്ചു നൽകുകയുള്ളൂ. രണ്ടാമത് സമയപരിധി ദീർഘിപ്പിച്ച് നൽകേണ്ടിവന്നാൽ കരാറുകാർ നിശ്ചിത തുക പിഴയായി സർക്കാരിൽ ഒടുക്കേണ്ടതാണ്. രണ്ടാമതും ദീർഘിപ്പിച്ചു നൽകുന്ന കാലാവധിക്കുള്ളിൽ പണി പൂർത്തിയാക്കിയിട്ടില്ലായെങ്കിൽ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ കരാർ റദ്ദാക്കി പ്രവൃത്തി റീ-ടെണ്ടർ ചെയ്യാനും തീരുമാനിച്ചിട്ടുണ്ട്.

അഴിമതി അവസാനിപ്പിക്കാനായി നടപ്പിലാക്കിയ പുതിയ സംവിധാനങ്ങൾ

200 (797) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പിൽ അഴിമതി അവസാനിപ്പിക്കാനായി നടപ്പിലാക്കിയ പുതിയ സംവിധാനങ്ങൾ എന്തൊക്കെയാണ് ;

(ബി) ഈ സംവിധാനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നത് നിരീക്ഷിക്കാനും അവലോകനം നടത്താനും എന്തൊക്കെ സംവിധാനങ്ങളാണുള്ളത് ;

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പ് ഭരണവിഭാഗം ചീഫ് എഞ്ചിനീയറുടെ കീഴിൽ പ്രവർത്തിക്കുന്ന വിജിലൻസ് വിഭാഗവും സംസ്ഥാന ധനകാര്യ

LIBRARY ARCHIVES Kerala Legislative Assembly

വകുപ്പിനു കീഴിലുള്ള ഫിനാൻസ് ഇൻസ്പെക്ഷൻ വിഭാഗവും ചീഫ് ടെക്നിക്കൽ എക്സാമിനറും സംസ്ഥാന ആഭ്യന്തര വകുപ്പിനു കീഴിലുള്ള വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോയും പൊതുമരാമത്ത് വകുപ്പിലെ അഴിമതിക്കെതിരെ ശക്തമായ നടപടികൾ എടുത്തുവരുന്നുണ്ട്.

(ബി) ഈ സംവിധാനം കാര്യക്ഷമമായി നടപ്പിലാക്കുന്നത് സർക്കാർ തലത്തിൽ നിരീക്ഷിക്കുന്നുണ്ട്.

ടെണ്ടർ നിരക്കുകൾ

201 (798) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിർമ്മാണ വസ്തുക്കൾക്ക് വില വർദ്ധിക്കുന്നതനുസരിച്ച് കരാർ തുകയിലും ആനുപാതിക മാറ്റം വരുത്തുന്നതിന് പൊതുമരാമത്തിന്റെ കരാർ നിയമങ്ങളിൽ എന്തൊക്കെ വിലവ്യതിയാന വ്യവസ്ഥകൾ പുതുതായി ഉൾപ്പെടുത്തിയിട്ടുണ്ട് ;

(ബി) നിർമ്മാണ വസ്തുക്കളുടെ വില വർദ്ധനമൂലം കരാർ മേഖലയിൽ ഉണ്ടായിരിക്കുന്ന സ്തംഭനാവസ്ഥ ഒഴിവാക്കാൻ പുതിയ ടെണ്ടർ നിരക്കുകളിൽ എന്തൊക്കെ ശാസ്ത്രീയ മാനദണ്ഡങ്ങൾ കൂടി ഉൾപ്പെടുത്തുന്നതിനാണ് നടപടി സ്വീകരിച്ചിട്ടുള്ളത് ;

(സി) ഇക്കാര്യത്തിൽ എന്തൊക്കെ പുതിയ നിർദ്ദേശങ്ങളാണ് സർക്കാരിന്റെ പരിഗണനയിലുള്ളത് ?

ഉത്തരം

(എ) നിർമ്മാണ വസ്തുക്കളുടെ വില വർദ്ധനവിന് ആനുപാതികമായി പൊതുമരമാത്ത് വകുപ്പ് നിരക്കുകൾ (ഷെഡ്യൂൾ ഓഫ് റേറ്റ്സ്) പുതുക്കി നിശ്ചയിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നുണ്ട്. (2008, 2009, 2010 എന്നീ വർഷങ്ങളിൽ ഇപ്രകാരം നിരക്കുകൾ പുതുക്കി നിശ്ചയിച്ചിട്ടുണ്ട്) എന്നാൽ കരാർ നിയമങ്ങളിൽ വില വ്യതിയാന വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടില്ല.

(ബി) & (സി) നിർമ്മാണ വസ്തുക്കളുടെ കമ്പോള വിലയുമായി പരമാവധി യോജിക്കുന്ന വിധത്തിലാണ് പൊതുമരാമത്ത് വകുപ്പ് ഓരോ പ്രാവശ്യവും ഷെഡ്യൂൾ ഓഫ് റേറ്റ്സ് പുതുക്കി നിശ്ചയിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly